# ഗവൺമെന്റ് വി & എച്ച്.എസ്.എസ്
# ഫോർ ഗേൾസ്, മണക്കാട്
# തിരുവനന്തപുരം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 – 2026

2025-26 അധ്യയന വർഷത്തിൽ തിരുവനന്തപുരം മണക്കാട് കാർത്തിക തിരുനാൾ വൊക്കേഷണൽ ആന്റ് ഹയർ സെക്കന്ററി സ്കൂളിലെ അക്കാദമിക രംഗം, ഈ വർഷത്തേക്കുള്ള തയ്യാറെടുപ്പിന്റെ ഭാഗമായുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ. ഈ വർഷത്തേക്കുള്ള ഒരു മാർഗ്ഗരേഖ മാത്രമല്ല വരും വർഷത്തേക്കുള്ള ഒരു വഴികാട്ടി കൂടിയാണ്. മികച്ച വിദ്യാഭ്യാസ നിലവാരവും, സമഗ്രമായ വിദ്യാർത്ഥി വികസനവും ഉറപ്പാക്കുകയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. ഈ വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരുടേയും കൂട്ടായ പരിശ്രമത്തിലൂടെയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ ലക്ഷ്യങ്ങളും തന്ത്ര ങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്ന ഒരു സുപ്രധാന രേഖയാണ് അക്കാ ദമിക് മാസ്റ്റർ പ്ലാൻ. ഇത് ഒരു അധ്യയന വർഷത്തേക്കുള്ള വിദ്യാലയപ്രവർത്ത നങ്ങളുടെ ഒരു മാർഗ്ഗരേഖയായി പ്രവർത്തിക്കുകയും എല്ലാവരും ഒത്തു ചേർന്ന് പൊതുലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. 2025-26 അധ്യായന വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ വിദ്യാർത്ഥിക ളുടെ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, അധ്യാപകരെ പിന്തുണയ്ക്കുന്നതിനും, മുഴുവൻ വിദ്യാർത്ഥികളെയും പഠനപ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിനുമായാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രധാനലക്ഷ്യം ഗുണമേന്മ യുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇങ്ങനെ ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക് മാസ്റ്റർ പ്ലാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാനപരമായ പ്രധാന രേഖയാ ണ്. വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് നേതൃത്വം നൽകുന്ന വൈജ്ഞാനിക കേന്ദ്രമായി ഈ വിദ്യാലയത്തെ വളർത്തിയെടുക്കുകയാണ് നമ്മുടെ ലക്ഷ്യം.

ബൗദ്ധികവും, മാനസികവും, ശാരീരികവും, സാമൂഹികവുമായ വികാസ നത്തിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന പഠന-പഠനാനുബന്ധ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഭാഷ-ഗണിത-സാമൂഹ്യ-ശാസ്ത്ര വിഷയങ്ങളിൽ സാർവദേശീയ നിലവാരമുള്ള വിദ്യാലയമായി നമ്മുടെ സ്കൂൾ മാറുന്നതിനുള്ള പരിശീലനങ്ങൾ കുഞ്ഞുങ്ങൾക്ക് നൽകുന്നുണ്ട്. കൂടാതെ മികച്ച പാരിസ്ഥിതികാ വബോധം, ധാർമ്മികചിന്ത, ജനാധിപത്യ മതേതര മനോഭാവം, സഹജീവി സ്നേഹം തുടങ്ങിയ ഉന്നതമൂല്യങ്ങൾ വിദ്യാർത്ഥികളുടെ നിലപാടുകളെയും പെരുമാറ്റത്തെയും സ്വാധീനിക്കണം. ഭാവിലോകത്തിന്റെ സൃഷ്ടാക്കളാണ് വിദ്യാർത്ഥികളെന്നതുകൊണ്ട് വിദ്യാലയത്തിന്റെ സാമൂഹ്യഉത്തരവാദിത്വം വളരെ വലുതാണെന്ന് നമ്മൾ ഉറച്ചു വിശ്വസിക്കുന്നു.

സ്വാമി വിവേകാനന്ദൻ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെക്കുറിച്ച് പറഞ്ഞ വാക്കുകൾ ഇവിടെ സ്മരണീയമാണ്. “Education is the manifestation of perfection already in man”. മനുഷ്യനിൽ അന്തർലീനമായ പൂർണതയുടെ ആവിഷ്ക്കാര മാണ് വിദ്യാഭ്യാസം. അതുകൊണ്ട് തന്നെ പൂർണ മനുഷ്യനെ സൃഷ്ടിക്കലാണ് ഏതൊരു വിദ്യാലയത്തിന്റെയും ലക്ഷ്യമെന്ന ഉത്തമബോധ്യം നമുക്കുണ്ട്. വ്യക്തി യുടെ ഹൃദയത്തിന്റെ, മനസിന്റെ, ബുദ്ധിയുടെ, സാമൂഹ്യബോധത്തിന്റെ സമ്പൂർണ വികാസത്തിലൂടെ മാത്രമേ ഈ ലക്ഷ്യത്തിലേക്കെത്തിച്ചേരാൻ കഴിയു കയുള്ളൂ. അതിനുള്ള ഭൗതികപരവും, വിദ്യാഭ്യാസപരവുമായ സാഹചര്യം നമ്മുടെ സ്കൂളിൽ സൃഷ്ടിക്കേണ്ടതുണ്ട്. രോഗദുരിതങ്ങളുടെയും, ദാരിദ്ര്യത്തി ന്റെയും യാഥാർത്ഥ്യങ്ങൾക്കു നേരെ ആർദ്രമായ ഹൃദയത്തോടെ നോക്കാനും, വേദനകളിൽ സാന്ത്വനമേകാനും, മികച്ച വിദ്യാർത്ഥികൾക്ക് കഴിയേണ്ടതുണ്ട്. ബഹുസ്വര സാമൂഹ്യാന്തരീക്ഷത്തിലെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് വിവിധ വിശ്വാസധാരകളെ ബഹുമാനിക്കാനും, അംഗീകരിക്കാനും അവർക്ക് കഴിയണം.

മനുഷ്യകേന്ദ്രീകൃത ചിന്തകൾക്കപ്പുറത്ത് സർവജീവജാലങ്ങൾക്കുമവകാശപ്പെട്ടതാണ് ഈ ഭൂമിയെന്ന വിശാല പാരിസ്ഥിതികാവബോധത്തിന്റെ വെളിച്ചത്തിലൂടെ നടന്നുപോകാൻ അവരെ പ്രാപ്തരാക്കേണ്ടതുണ്ട്.

നാടിന്റെ ആവശ്യങ്ങൾ മനസിലാക്കി എല്ലാ തൊഴിൽ മേഖലകളിലും മികച്ച നൈപുണ്യമുള്ളവരെ രൂപപ്പെടുത്തേണ്ടതുണ്ട്. സ്വന്തം അഭിരുചികളെയും കഴിവുകളെയും വളർത്തിയെടുക്കുന്ന ആത്മവിശ്വാസമുള്ള തലമുറയാണ് നമ്മുടെ ലക്ഷ്യം. വാ പിളർന്നു നിൽക്കുന്ന ലഹരി വിപത്തിന്റെ ചതിക്കുഴികളിലകപ്പെടാത്ത മികച്ച ധാർമ്മിക നിലവാരമുള്ള വിദ്യാർത്ഥികൾക്കു മാത്രമേ ഭാവി ലോകത്തിനു പ്രതീക്ഷയേകാൻ കഴിയുകയുള്ളൂ. അപരന്റെ ശബ്ദം കേൾക്കാനും, പരിഗണിക്കാനും തക്ക ഉന്നതമായ ജനാധിപത്യബോധം വികസിച്ചു വരണം. കുടുംബാന്തരീക്ഷത്തിൽ നിന്ന് സാമൂഹ്യാന്തരീക്ഷത്തിലേക്ക് വ്യാപിച്ച്, പ്രകാശം പരത്തുന്ന ജനാധിപത്യ സംസ്ക്കാരം വികസിച്ചു വരണം. ലിംഗനീതിയെ ക്കുറിച്ച് പുരോഗമനപരമായ കാഴ്ചപ്പാടുകൾ ജീവിതത്തിൽ പകർത്താൻ ശേഷിയുള്ള ഉത്തമപൗരന്മാരായി വേണം വളർന്നു വരേണ്ടതാണ്.

ചുരുക്കത്തിൽ ലിംഗനീതിബോധം, ഉയർന്ന ധിഷണശേഷി, സാമൂഹ്യബോധം, പാരിസ്ഥിതികചിന്ത, ധാർമ്മികബോധം, ഭാഷാനൈപുണി, ജനാധിപത്യചിന്ത, സമത്വചിന്ത, നീതിബോധം എന്നിവ വളർത്തിയെടുക്കുകയാണ് നമ്മുടെ ലക്ഷ്യം.

## പഠനത്തിന്റെ പ്രസക്തിയും പ്രാധാന്യവും

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഗുണമേന്മയുള്ള പഠനം സാർവത്രികമാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. വിദ്യാഭ്യാസപരമായി അവഗണന അനുഭവിക്കുന്ന ഒട്ടേറെ വിഭാഗങ്ങൾ നമ്മുടെ നാട്ടിലുണ്ട്. വനമേഖലയിൽ ജീവിക്കുന്ന ആദിവാസികൾ, കാഴ്ചപരിമിതിയും, കേൾവി പരിമിതിയും ഉള്ളവർ തീരപ്രദേശമേഖലയിൽ അധിവസിക്കുന്നവർ, ചേരി പ്രദേശങ്ങളിൽ കഴിയുന്നവർ എന്നിവരൊക്കെ ഇത്തരത്തിൽ പാർശ്വൽക്കരിക്കപ്പെട്ടവരായി കണക്കാക്കപ്പെടുന്നു.ഇവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം

പ്രദാനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. മത്സ്യബന്ധനം പ്രധാന ഉപജീവനമാർഗമായി സ്വീകരിച്ച തീരദേശമേഖലയിലെ ജനസമൂഹത്തെ കുറിച്ച് ആഴത്തിൽ പഠിച്ച് അവരുടെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം സാധ്യമാക്കുന്നതിനുള്ള പരിശ്രമങ്ങൾ അത്യന്താപേക്ഷിതമാണ്. സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക പിന്നോക്കാവസ്ഥയിൽപ്പെട്ട മറ്റ് വിഭാഗക്കാരുടെയും കുട്ടികൾക്ക് എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടെന്ന് കണ്ടെത്തുകയും, അവർക്ക് വിദ്യാഭ്യാസ നേട്ടങ്ങൾ എത്രത്തോളം ലഭിച്ചിട്ടുണ്ടെന്നും അവസ്ഥാപഠനത്തിലൂടെ സാധ്യമാകുന്നു. തുടർന്ന് ഈ പ്രശ്നങ്ങളെ സമഗ്രമായി മനസിലാക്കുന്നതിനും, പ്രതിവിധികൾ നിർദ്ദേശിക്കുന്നതിനും അവസരം ലഭിക്കും.

## പഠനത്തിന്റെ പ്രാധാന്യം

കേരള വികസന മോഡൽ ലോകമെങ്ങും ശ്ലാഘിക്കപ്പെടുന്ന ഒന്നാണ്. പൊതുജനാരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സേവനമേഖലകളിലുണ്ടായ വളർച്ചയും കാർഷിക വ്യവസായിക മേഖലകളിലുണ്ടായ ഉണർവും കേരളത്തിന്റെ ജീവിതഗുണ നിലവാരത്തെ ഉയർത്താൻ സഹായകമായിട്ടുണ്ട്. സാർവത്രിക വിദ്യാഭ്യാസം ഭൂപരിഷ്കരണം മുതൽ അധികാര വികേന്ദ്രീകരണം വരെ നടന്ന സാമൂഹികമാറ്റങ്ങൾ നവകേരള സൃഷ്ടിക്ക് കാരണമായിട്ടുണ്ട്. എന്നാൽ ഗുണപരമായ മാറ്റം എല്ലാ ഭൂപ്രദേശങ്ങളിലും, സംസ്കൃതിയിലും ഒരു പോലെയല്ല പ്രതിഫലിച്ചിരിക്കുന്നത് എന്നത് ചിന്തിക്കേണ്ട വിഷയമാണ്. എസ്.സി, എസ്.ടി വകുപ്പുകളെ ഏകോപിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ ആദിവാസി വിഭാഗങ്ങളിലും, ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ സജീവമാണെങ്കിൽ കൂടിയും വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിദ്യാഭ്യാസ ഗുണമേന്മായജ്ഞത്തിനും പുതിയ പാതകൾ തുറക്കേണ്ടതാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലഭ്യതക്കുറവ്, വായനശാല, ക്ലബ്ബുകൾ തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങളുടെ വ്യാപനമില്ലായ്മ, രക്ഷിതാക്കളുടെ വിദ്യാഭ്യാസ നിലവാരത്തിലും ജീവിതാവബോധത്തിലുള്ള പിന്നോക്കാവസ്ഥ, ശാസ്ത്ര

ജ്ഞാനത്തെ തൊഴിൽ മേഖലയിലേക്ക് ഉൾച്ചേർക്കുന്നതിലുള്ള അജ്ഞത, മൊത്തത്തിൽ ജീവിതഗുണമേന്മയിലുള്ള പിന്നോക്കാവസ്ഥ എന്നിവ തീരദേശം നേരിടുന്ന വെല്ലുവിളികളാണ്.

വികസനരംഗത്ത് ആഗോള പ്രശസ്തിയിൽ എത്തിനിൽക്കുന്ന കേരള ത്തിൽ തന്നെയാണ് തീക്ഷ്ണമായ ജീവിതപ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് അതിജീവനത്തിന്റെ സങ്കീർണ്ണതകളും യാതനകളും അനുഭവിച്ചു കൊണ്ടിരി ക്കുന്ന വിഭാഗങ്ങളുള്ളത്. 10% മുതൽ 14% വരെ കൊഴിഞ്ഞുപോക്ക് ഇന്നും സ്കൂൾ വിദ്യാഭ്യാസത്തിലുണ്ട്. കേരളത്തിന്റെ പൊതുസാക്ഷരതാ നിരക്ക് 95% ആയിരിക്കുമ്പോൾ തീരപ്രദേശത്ത് ഇത് 91.3% മാത്രമാണ്. പൊതുവിഷയങ്ങളെ കുറിച്ചും, തങ്ങളുടെ അവകാശങ്ങളെ കുറിച്ചും തികച്ചും അജ്ഞരായ കടലോര ജനതയുടെ പൊതുബോധത്തെ ഉണർത്തി സാമൂഹികമായ സുസ്ഥിരതയി ലേക്ക് ഉയർത്തേണ്ടതുണ്ട്.

കേരളത്തിന്റെ ആളോഹരി വരുമാനം ഉയർന്നിട്ടും മത്സ്യത്തൊഴിലാളിക ളുടെ ജീവിത നിലവാരത്തിൽ കാര്യമായ മാറ്റങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല. മത്സ്യ ത്തൊഴിലാളികളുടെ ഉന്നമനത്തിനായി രൂപീകൃതമായ മത്സ്യഫെഡിനും വിദ്യാഭ്യാ സപരമായ ഉന്നമനത്തിന് നേതൃത്വം നൽകാൻ സാധിക്കുന്നില്ല. സർക്കാരിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങളും സഹായങ്ങളും ഫലപ്രദമായി വിനിയോഗി ക്കാൻ രക്ഷിതാക്കൾക്കും സാധിക്കുന്നില്ല. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താനും വലിയൊരു വിഭാഗത്തിനും കഴിയുന്നില്ല.

കേരളത്തിലങ്ങോളമിങ്ങോളം തീരപ്രദേശത്തെ വിലയിരുത്തിയാൽ ഓരോ പ്രദേശത്തും പ്രാദേശിക ജാതി മത വിഭാഗങ്ങളുടെ നിയന്ത്രണത്തിലാണ് ഇവർ ജീവിതം നയിക്കുന്നത്. അവർ ഉണ്ടാക്കുന്ന കടൽ നിയമങ്ങളും അനുഷ്ഠാന ങ്ങളും ചോദ്യം ചെയ്യാതെ അനുസരിക്കാൻ നിർബന്ധിതരാകുന്നു. സഹകരണ സംഘങ്ങൾക്കും പൊതുകൂട്ടായ്മകൾക്കും വേണ്ടത്ര സ്വാധീനം തീരദേശ തൊഴിൽ മേഖലയിൽ ഉണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടില്ല.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾ വിവിധങ്ങളായ മത്സ്യസമ്പത്തുകൾ കേരള ജനതയ്ക്ക് ലഭ്യമാക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നവരാണ്. രാവെന്നോ, പകലെന്നോ, മഴയെന്നോ, വെയിലെന്നോ ഇല്ലാതെ സ്വന്തം ജീവിതം കെട്ടിപ്പടുക്കുന്നതിനായി അന്നം തേടുന്ന ഇവരുടെ വേദനകൾ, നേരി ടുന്ന പ്രശ്നങ്ങൾ എന്നിവ പലപ്പോഴും ശ്രദ്ധിക്കാതെ പോകുന്നു. മത്സ്യത്തൊഴി ലാളികളുടെ മക്കളും പരമ്പരാഗതമായി മത്സ്യത്തൊഴിലാളികളായി മാറുന്ന രീതി യാണ് പൊതുവെ കണ്ടുവരുന്നത്. കുഞ്ഞുങ്ങളുടെ പ്രാഥമിക വിദ്യാഭ്യാസം എങ്ങനെയെങ്കിലും പൂർത്തിയാക്കി മത്സ്യത്തൊഴിലുമായി ബന്ധപ്പെട്ട വിവിധ തൊഴിലുകളുടെ ബാലപാഠങ്ങൾ അഭ്യസിപ്പിക്കുന്നതിനുള്ള നടപടികളിലേക്ക് നീങ്ങുന്നതായാണ് കണ്ടുവരുന്നത്. ഇതിന് ഒരു മാറ്റം അത്യന്താപേക്ഷിതാണ്.

<u>പഠനത്തിന്റെ പ്രസക്തി</u>

വിദ്യാഭ്യാസം കുട്ടിയുടെ അവകാശമായി മാറിയതോടെ കുട്ടികളെ വിദ്യാ ഭ്യാസം ചെയ്യിക്കണം എന്ന ബോധം രക്ഷിതാക്കളിൽ പ്രകടമാണ്. രക്ഷിതാക്ക ളിൽ ഉണ്ടായ ഈ മാറ്റത്തെ മനസിലാക്കി അവർക്ക് ആവശ്യമായ അവബോധം നൽകേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുഞ്ഞുങ്ങൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാ മെന്ന് കണ്ടെത്തേണ്ടത് ആവശ്യമാണ്.

കുട്ടികളുടെ പഠനവുമായി ബന്ധപ്പെടുത്തി മത്സ്യത്തൊഴിലാളി ഗ്രാമങ്ങ ളിൽ തന്നെ രക്ഷകർത്തൃ കൂടിച്ചേരലിന് അവസരം ഒരുക്കുക, ഗ്രാമീണ വായന ശാലകൾ സ്ഥാപിക്കുക, കുട്ടികളുടെ കലാകായിക വാസനകൾ പരിപോഷിപ്പിക്കു ക, തീരദേശ ആഘോഷങ്ങളുമായി ബന്ധപ്പെടുത്തി കുട്ടികളുടെ കലാപരിപാടി കൾ സംഘടിപ്പിക്കുക എന്നിവയൊക്കെ നടത്തിയാൽ അവരുടെ പഠനം മെച്ചപ്പെ ടുത്താൻ കഴിയും.

സമൂഹത്തിലെ മറ്റ് കുട്ടികളെപ്പോലെ ഈ മേഖലയിലെ മിടുക്കരായ കുട്ടി കൾക്കും ഉയർന്ന ജീവിത നിലവാരം കൈരിക്കുന്നതിനുള്ള അവകാശം ഉണ്ട്.

**പഠനലക്ഷ്യങ്ങൾ**

- പ്രകൃതി ദുരന്തങ്ങളും പാരിസ്ഥിതികാഘാതങ്ങളും മറികടന്ന് യാഥാസ്ഥിതിക ചിന്താധാരകളെ അവലംബിച്ച് ഗുണമേന്മയുള്ള ജീവിത നിലവാരത്തിലെത്താൻ തീരദേശ മത്സ്യത്തൊഴിലാളി വിഭാഗത്തെ പ്രാപ്തരാക്കുക എന്നതാണ് പരമമായ ലക്ഷ്യം.
- പരമ്പരാഗതമായ മത്സ്യബന്ധന രീതികളും വിപണനരീതികളും അവലംബിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ വിദ്യാഭ്യാസത്തിന്റെ മുന്നേറ്റത്തിലൂടെ ആധുനികവൽക്കരിക്കുക.
- മദ്യം, മയക്കുമരുന്ന് തുടങ്ങിയവയ്ക്ക് അടിമപ്പെടുന്ന സാമൂഹ്യാവസ്ഥയ്ക്കു വിദ്യാഭ്യാസത്തിലൂടെ പരിഹാരം കാണുക.

**ഉദ്ദേശ്യങ്ങൾ**

- വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ കണ്ടെത്തുക.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലഭ്യത, പര്യാപ്തത, കാര്യക്ഷമത എന്നിവ കണ്ടെത്തുക.
- പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തുക.
- പ്രശ്ന പരിഹാരത്തിനുള്ള പ്രവർത്തന പദ്ധതി വികസിപ്പിക്കുക.

**സാധ്യതകൾ**

പഠനത്തിലൂടെ ലഭിക്കുന്ന തിരിച്ചറിവുകൾ ഉപയോഗപ്പെടുത്തി, തീരദേശ മേഖലയിൽ സ്ഥായിയായ പൊതുവിദ്യാഭ്യാസ പരിപാടികൾ ആസൂത്രണം ചെയ്യാൻ സാധിക്കും. ഫിഷറീസ് വകുപ്പിന്റെ തുടർ പ്രവർത്തനങ്ങളിൽ പഠനത്തിന്റെ ഭാഗമായി ലഭിക്കുന്ന കണ്ടെത്തലുകൾ പ്രയോജനപ്പെടുത്താൻ സാധിക്കും.

പാർപ്പിടം, ആരോഗ്യം, സംസ്കാരം എന്നിവ മെച്ചപ്പെടുത്തണമെങ്കിൽ തീരദേശ മേഖലയിലെ കുഞ്ഞുങ്ങൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കണം.

നമ്മുടെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നു വരുന്ന കുട്ടികൾ പ്രധാനമായും വലിയതുറ, പൂന്തുറ, വിഴിഞ്ഞം തുടങ്ങിയ പ്രദേശങ്ങളിൽ നിന്നാണ്.

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കിട്ടിയാൽ അവരെക്കൂടി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിക്കും. കുട്ടികൾക്ക് ഭാഷാ പ്രാവീണ്യം ലഭിക്കുന്നതിൽ ശ്രദ്ധിച്ചാൽ അവരെ സമഗ്ര മേഖലകളിലേക്ക് ഉയർത്താൻ കഴിയും.

തീരപ്രദേശത്ത് അധിവസിക്കുന്നതു പോലെ മറ്റൊരു പ്രധാന വിഭാഗമാണ് ചേരിപ്രദേശത്ത് താമസിക്കുന്നവർ. ഇവരുടെ ജീവിതനിലവാരവും വലിയ പരിതാപകരമാണ്. പലപ്പോഴും ഇവർ പലവിധ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. സാമ്പത്തിക പ്രശ്നം, ആരോഗ്യപ്രശ്നം തുടങ്ങിയവ അതിന് ഉദാഹരണങ്ങളാണ്.

കാഴ്ചപരിമിതിയുള്ളവർക്കും, കേൾവി പരിമിതിയുള്ളവർക്കും നല്ലൊരു പഠനാന്തരീക്ഷം സംജാതമാക്കാൻ കഴിയണം. അവർക്കും മറ്റ് കുട്ടികളെപ്പോലെ സമൂഹത്തിന്റെ പൊതുധാരയിൽ വരാനുള്ള അറിവും ധാരണകളും കൊടുക്കണം.

വിദ്യാലയ ഇടപെടലുകളിലൂടെ കുട്ടികളിൽ വികസിക്കുന്ന സാമൂഹികാവബോധം, ഗൃഹാന്തരീക്ഷത്തിൽ കുട്ടിക്ക് ലഭിക്കുന്ന സാമൂഹ്യവും പഠനാനുകൂലവുമായ സാഹചര്യങ്ങൾ എന്നിവ പരിഗണിച്ചതിൽ ഗ്രാമവും നഗരവും തമ്മിൽ വ്യത്യാസമുണ്ട്.

അതുപോലെ തന്നെ ആരോഗ്യകാര്യങ്ങൾ പരിഗണിച്ചാൽ പ്രാഥമിക സൗകര്യങ്ങളുടെ ലഭ്യതയും വീട്ടിൽ നേരിടുന്ന പഠനതടസ്സങ്ങളായ രക്ഷിതാക്കളുടെ മദ്യപാനം, പുകവലി, നിത്യരോഗികളുടെ സാന്നിദ്ധ്യം, സ്വന്തമായി വീടില്ലാത്ത അവസ്ഥ ഇവയെല്ലാം പഠനപിന്നോക്കാവസ്ഥയ്ക്ക് കാരണമാകുന്നു.

# സാമൂഹ്യശാസ്ത്രം

2023-ലെ പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ ഭാഗമായി ഒന്നു മുതൽ പത്തു വരെയുള്ള ക്ലാസുകളിലെ മുഴുവൻ പാഠപുസ്തകങ്ങളും നവീകരിക്കപ്പെട്ടു. സമഗ്രഗുണമേന്മ വിദ്യാഭ്യാസം സൂചിപ്പിക്കുന്നതുപോലെ തന്നെ കേരള സർക്കാർ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയ്ക്ക് പ്രാധാന്യം നൽകുന്നു. ആധുനിക സമൂഹത്തിലെ പൗരന്മാരായ നമ്മുടെ വിദ്യാർത്ഥി സമൂഹത്തെ അത്തരത്തിൽ തയ്യാറെടുപ്പിക്കുന്നതിൽ സാമൂഹ്യശാസ്ത്രത്തിന് മറ്റു വിഷയങ്ങളെക്കാൾ പ്രസക്തിയുണ്ട്.

ഗുണമേന്മയേയും, സൃഷ്ടിപരതയെയും തകിടം മറിക്കാൻ ശ്രമിക്കുന്ന ലഹരിയുടെ ഉപയോഗം, സൈബർ കുറ്റകൃത്യങ്ങൾ, കുട്ടികളുടെ ആരോഗ്യ സംരക്ഷണം തുടങ്ങിയ വിദ്യാലയങ്ങൾ നേരിടുന്ന നിരവധി പ്രശ്നങ്ങളെ നമ്മൾ പ്രതിരോധിക്കേണ്ടതുണ്ട്. ഇവിടെ ശാസ്ത്രീയ സമീപനം അനുവർത്തിക്കേണ്ടത് അനിവാര്യമാണ്. തങ്ങൾ ജീവിക്കുന്ന സമൂഹത്തിനും, രാജ്യത്തിനും, പ്രപഞ്ചത്തിനും ഗുണാത്മകമായി പ്രവർത്തിക്കുവാൻ കുട്ടികളെ സജ്ജമാക്കുന്നതിൽ സാമൂഹ്യശാസ്ത്ര അധ്യാപകരുടെ ഉത്തരവാദിത്വം വലുതാണ്.

1. **വെർച്ച്വൽ ഫീൽഡ് ട്രിപ്പ്**

   പഠിതാക്കാളെ ചരിത്രാവബോധമുള്ളവരാക്കുകയാണ് ലക്ഷ്യം. ഐ.ടി സാധ്യതകൾ ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളായ താജ് മഹൽ, ഹംപി, ചെങ്കോട്ട തുടങ്ങിയ സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കാം.

2. **സ്കിറ്റ് തയ്യാറാക്കാം**

   ആശയങ്ങൽ, സന്ദേശങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ ഉൾക്കൊണ്ട് സ്കിറ്റ് തയ്യാറാക്കാനുള്ള അവസരം ഒരുക്കുക. ലഹരിവിരുദ്ധ ആശയങ്ങൾ ഉൾക്കൊള്ളുന്ന സ്കിറ്റ് തയ്യാറാക്കാം. ഗലീലിയോ ഗലീലിയുടെ നാടകം, ഭൗമസംരക്ഷണം, ആഗോളതാപനം ഇവയെ കുറിച്ച് സ്കിറ്റ് തയ്യാറാക്കാം.

3. **പ്രോജക്ട്**

- ഇന്ത്യയിൽ ഇന്ന് വരെ നടത്തിയ ഭരണഘടനാ ഭേദഗതികളെക്കുറിച്ച് പ്രോജക്ട് അവതരിപ്പിക്കുക.
- സമത്വം സൃഷ്ടിക്കുക
- നീതിയും ന്യായവും അംഗീകരിക്കുക

ഇവയാണ് expected outcome.

4. <u>നിയമബോധവൽക്കരണ ക്ലാസ്</u>

- നിയമവാഴ്ചയുടെ പ്രാധാന്യത്തെക്കുറിച്ചും, വിവിധ നിയമങ്ങളെക്കുറിച്ചും നിയമവിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കുന്നു.
- കുട്ടിയുടെ സുരക്ഷയും പോക്സോ നിയമവും എന്ന വിഷയത്തിൽ നിയമ വിദഗ്ദരുടെ സഹായത്തോടെ ബോധവൽക്കരണ പരിപാടി.
- നിയമങ്ങൾ മനസിലാക്കുന്നതിനായ റോഡ് സുരക്ഷയെ കുറിച്ച് ബോധവൽക്കരണ ക്ലാസ്.
- ലഹരിവിരുദ്ധ പ്രവർത്തനങ്ങളും സൈബർ നിയമങ്ങളും എന്ന വിഷയത്തിൽ വിദഗ്ദരുടെ ബോധവൽക്കരണ ക്ലാസ്.
- പോക്സോ ബോധവൽക്കരണ ക്ലാസ്.

നിയമങ്ങൾ മനസിലാക്കൽ, നിയമങ്ങളുടെ പ്രവർത്തന രീതി പരിശോധിക്കൽ, ആരും നിയമത്തിന് അതീതരല്ലെന്ന് ബോധം ഉണ്ടാക്കൽ, കുട്ടികൾക്കെതിരെയുള്ള അതിക്രമം, ലൈംഗിക പീഡനം, അശ്ലീലത തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള നിയമം, റോഡ് സുരക്ഷ മനസിലാക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, സൈബർ നിയമങ്ങൾ തുടങ്ങിയവ മനസിലാക്കാൻ സാധിക്കും.

5. <u>ക്ലാസ് ഭരണഘടന</u>

ഇന്ത്യൻ ഭരണഘടനയിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസ് ഭരണഘടന തയ്യാറാക്കൽ

- സ്വാതന്ത്ര്യത്തിന് പ്രാധാന്യം നൽകുക
- അനുഭവങ്ങളുടെ പ്രാധാന്യത്തെ പിന്തുണയ്ക്കുക
- ക്ലാസ് ഭരണഘടന മുന്നോട്ട് വയ്ക്കുന്ന മൂല്യങ്ങൾ ഉൾക്കൊണ്ട് ജീവിക്കാൻ പ്രാപ്തനാക്കുക.

**6. <u>ഊരകം</u>**

തീരദേശ ജനതയുടെ സാമൂഹിക-സാമ്പത്തിക ജീവിതം മനസിലാക്കാൻ സാധിക്കുന്നു.

തീരദേശ ജനതയുടെ വാസസ്ഥലം സന്ദർശിച്ച് അവരുടെ പൂർവികരുടെ ജീവിതം, കല, കൃഷി, ഭക്ഷണം, സമകാലിക ജീവിതം, വാദ്യോപകരണങ്ങൾ തുടങ്ങിയവ മനസിലാക്കുന്നു.

**7. <u>സ്പെഷ്യൽ സ്കൂൾ സന്ദർശനം</u>**

ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാനുള്ള മനോഭാവം കുട്ടികളിൽ വളർത്താൻ സാധിക്കുന്നു. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ സന്ദർശിച്ച് ഭിന്നശേഷി നേരിടുന്ന, പ്രതിസന്ധികൾ, പരിഹാരങ്ങൾ എന്നിവ തിരിച്ചറിയുന്നതിന് സഹായിക്കുന്നു.

**8. <u>സെമിനാർ</u>**

- വിഷയത്തിന്റെ വിശദീകരണം
- പഠനത്തിന്റെ വിവരങ്ങൾ നൽകുക
- ആശയങ്ങൾ പ്രത്യക്ഷപ്പെടുത്തുക
- പ്രകടനങ്ങൾ സൃഷ്ടിക്കുക

ഇവയാണ് ഓരോ സെമിനാറിലൂടെയും കുട്ടികൾക്ക് ലഭിക്കുന്നത്.

8,9,10 ക്ലാസുകളിൽ പാഠ്യപദ്ധതികൾ സാമൂഹ്യശാസ്ത്രത്തിൽ ഉൾപ്പെട്ട വിഷയത്തിൽ സെമിനാർ റിപ്പോർട്ട് തയ്യാറാക്കുന്നു. ഇതിൽ നിന്നും ഓരോ സാമൂഹ്യപ്രശ്നങ്ങളിലും കുടുംബത്തിന്റെയും, വ്യക്തികളുടെയും ഇടപെടൽ എത്രമാത്രമാണെന്ന് മനസിലാക്കാൻ സാധിക്കുന്നു.

## ഐ.റ്റി

1. **ഹൈടെക് ക്ലാസ് മുറികൾ**

കൂടുതൽ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു. പൂർവ്വ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവരുടെ സഹായത്തോടെ ബാക്കിയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. പഠനം കൂടുതൽ സുഗമവും, ആയാസകരവും ആകുന്ന പഠനപ്രവർത്തനങ്ങളോട് കുട്ടികൾക്ക് കൂടുതൽ ആഭിമുഖ്യം വരുന്നു.

2. **സ്കൂൾ പത്രം / മാഗസിൻ**

സ്കൂൾ ഐ.റ്റി ക്ലബ്ബ്, ലിറ്റിൽ കൈറ്റ്സ് എന്നിവരുടെ സഹായത്തോടെ പത്രം, മാഗസിൻ എന്നിവ തയ്യാറാക്കുന്നു.

കുട്ടികൾക്ക് ആശയസമ്പാദനത്തിനും, വിശകലനത്തിനും ഉള്ള കഴിവുകൾ വർദ്ധിക്കുന്നു. സംഘടന മികവ് നേടുന്നു. ടൈപ്പിംഗ് സ്കിൽ, ലേ ഔട്ട്, പേജ് സെറ്റ് അപ്പ്, പുസ്തക പ്രസിദ്ധീകരണം എന്നിവയിൽ കുട്ടികൾക്ക് അറിവ് നേടാൻ കഴിയുന്നു.

3. **ഹൈടെക് വർക്ക്ഷോപ്പ്**

റോബോട്ടിക് അടിസ്ഥാനമാക്കി വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക.

നൂതന സാങ്കേതിക വിദ്യയിൽ മികവും നൈപുണ്യവും നേടുന്നു. ഐ.ടി മേഖലയിലെ നവീന തൊഴിൽ സാധ്യതകളെക്കുറിച്ചുള്ള അവബോധം

ഉണ്ടാക്കുന്നു. സ്പേസ് ടെക്നോളജി, എയ്റോബിക് എഞ്ചിനീയറിംഗ് തുടങ്ങിയ പഠനമേഖലകളിൽ അറിവും, അഭിരുചിയും ഉണ്ടാകുന്നു.

### 4. ഡോക്യുമെന്റേഷൻ

സ്കൂൾ അക്കാദമിക പ്രവർത്തനങ്ങളുടെ, പാഠ്യേതര പ്രവർത്തനങ്ങളുടെയും, ദിനാചരണങ്ങൾ, കായികദിനം, കലാമത്സരങ്ങൾ, സാമൂഹ്യ-ശാസ്ത്ര -ഗണിത, ഐ.ടി പ്രവൃത്തി പരിചയമേളകൾ എന്നിവയുടെ ഫോട്ടോകളും, വീഡിയോകളും പകർത്തി ഓൺലൈൻ അപ് ലോഡിംഗ് നടത്തുന്നു.

ക്യാമറ കൈകാര്യം, വീഡിയോ എഡിറ്റിംഗ് എന്നിവയിൽ നൈപുണ്യം നേടുന്നു. സംഘടന മികവ് എന്ന കഴിവ് നേടുന്നു

### 5. ഐ.ടി ഹെൽപ്പ് ടെസ്ക്

സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ പ്രയോജനപ്പെടുത്തി ജീവിതത്തിലെ ഇ-സർവ്വീസ് മേഖലകൾ പഠനരംഗങ്ങൾ, തൊഴിൽ മേഖലകൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നു.

പ്ലസ് വൺ അഡ്മിഷന് ആവശ്യമായ വിവരങ്ങൾ നൽകി കുട്ടികൾക്കും രക്ഷകർത്താക്കൾക്കും അവബോധം നൽകുന്നു.

പൊതുവിജ്ഞാനം, ജീവിതനൈപുണികൾ, സാമൂഹികാവബോധം എന്നിവ നേടുന്നു. സംഘടന മികവ് നേടുന്നു

### 6. ബോധവൽക്കരണ പ്രവർത്തനങ്ങൾ

സൈബർ ബോധവൽക്കരണം, ലഹരി നിർമ്മാർജ്ജനം തുടങ്ങിയ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി, സമീപ സ്കൂളുകളിലും, ക്ലാസുകൾ സംഘടിപ്പിക്കു. സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും, പോക്സോ നിയമങ്ങൾ, സാമൂഹിക മാധ്യമങ്ങൾ, നല്ല രീതിയിൽ ഉപയോഗിക്കുന്നതിനെക്കുറിച്ചും, ലഹരി വിരുദ്ധ സമൂഹം വാർത്തെടുക്കുന്നതിന്റെ ആവശ്യകതയെകുറിച്ചും

ബോധവൽക്കണത്തിന് ഉതകുന്ന റീലുകൾ, ഷോർട്ട് ഫിലിമുകൾ എന്നിവ നിർമ്മിക്കുക

പൊതുവിജ്ഞാനം, ജീവിത നൈപുണികൾ, സാമൂഹ്യാവബോധം, സംഘടനാ മികവ് എന്നിവ ലഭിക്കുന്നു.

ജ്ഞാനേന്ദ്രിയങ്ങളിലൂടെ ചുറ്റുപാടുകളിൽ നിന്ന് പഠിക്കാനുള്ള നൈസർഗീകമായ കഴിവുകളോടെയാണ് കുട്ടി ജനിക്കുന്നത്. ലോകത്തെ പുതിയ രീതിയിൽ നോക്കിക്കാണാനും, മനസിലാക്കാനും, ഇടപഴകാനും, വിലയിരുത്താനുമുള്ള സാധ്യതകളെയാണ് വിദ്യാലയത്തിലെ ഔപചാരിക പഠനം വഴി കുട്ടിക്ക് ലഭിക്കുന്നത്.

തന്റെ മുന്നിലുള്ള പ്രശ്നസന്ദർഭങ്ങളിലെ ഇടപെട്ടുകൊണ്ട് പ്രശ്നപരിഹരണത്തിൽ ഏർപ്പെടുന്നതിലൂടെയാണ് പഠനം നടക്കുന്നത്. വ്യത്യസ്തമായ ജീവിത സാഹചര്യങ്ങളിൽ നിന്നും വരുന്ന പഠിതാക്കളുടെ ആർജ്ജിതമായ അറിവ്, കഴിവ്, താല്പര്യം എന്നിവ വ്യത്യസ്തമാണ്. ഈ വൈവിധ്യത്തെ ഉൾക്കൊണ്ട്, വ്യക്തി വ്യത്യാസത്തെയും, ബഹുമുഖ ബുദ്ധിയെയും പരിഗണിച്ചു കൊണ്ട് പഠനാനുഭവങ്ങൾ ഒരുക്കുകയാണ് പ്രധാനം.

പഠിതാവിന്റെ താൽപര്യവും വികാസവും പരിഗണിച്ചു കൊണ്ട് വൈവിധ്യമുള്ള പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ കഴിയും വിധം ക്ലാസ് മുറികൾ ക്രമീകരിച്ചിട്ടുണ്ട്. പഠനപ്രവർത്തനങ്ങൾ വിദ്യാർത്ഥീകേന്ദ്രീകൃതമാകണം അതിനു സഹായകമാവും വിധമുള്ള പഠനാന്തരീക്ഷമാണ് സജ്ജമാക്കുന്നത്.

അന്വേഷണം, പര്യവേഷണം, ചോദ്യം ചോദിക്കൽ, ഡിബേറ്റുകൾ, സിദ്ധാന്തരൂപീകരണത്തിലേക്കും, ആശയങ്ങളുടെയും നിലപാടുകളുടെയും, സൃഷ്ടിയിലേക്കും, നയിക്കുന്ന പ്രയോഗവും, ചിന്തവും, സജീവമായ പഠനത്തിൽ ഇടപെടുന്നതിന്റെ ഭാഗമാണ്.

ഓരോ കുഞ്ഞുങ്ങളിലും അവരുടെ മുൻ അനുഭവങ്ങളുമായി ബന്ധപ്പെടുത്തിയാണ് ജ്ഞാനനിർമ്മാണം നടക്കുന്നത്. മതിയായ പഠനാനുഭവങ്ങൾ ഓരോ

രുത്തരിലും ലഭിക്കുമ്പോഴാണ് പഠനനേട്ടങ്ങൾ ഉറപ്പിക്കാനാകൂ. പഠനവും വിലയിരുത്തലും ഉദ്ഗ്രഥിതമായി നടക്കുന്നു. ഓരോ കുട്ടിയുടെയും സമഗ്രവികസനം ലക്ഷ്യം വച്ചാണ് പഠനപ്രക്രിയ നടക്കുന്നത്. വിവിധ വിഷയങ്ങളുമായി ബന്ധിപ്പിച്ച് നടക്കുന്ന പഠനപ്രവർത്തനങ്ങളുടെ ഫലമായി അറിവ്, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ കുട്ടിയിൽ രൂപപ്പെടുന്നു.

സമൂഹത്തിൽ നിലനിൽക്കുന്ന വിവിധങ്ങളായ അസമത്വങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനും സമത്വത്തിലും നീതിയിലും അടിയുറച്ച ഒരു സാമൂഹികക്രമം രൂപപ്പെട്ടാൽ സഹായിക്കുന്നതുമായിരിക്കണം വിദ്യാഭ്യാസം. സമഗ്രവും സ്ഥായിയായതുമായ വികസനത്തിന് സമൂഹത്തിന്റെ സമഗ്ര വികസന കാഴ്ചപ്പാടുകളെ യാഥാർത്ഥ്യവൽക്കരിക്കാൻ കഴിയുന്നു. വിഭവസംരക്ഷണത്തിലും, വിനിയോഗത്തിലും സന്തുലിതവും വിവേകപൂർണവുമായ കാഴ്ചപ്പാടുകൾ സ്വീകരിച്ചുകൊണ്ട് മനുഷ്യനെയും പരിസ്ഥിതിയെയും പരിഗണിച്ചുകൊണ്ടുള്ള സമഗ്ര വികസനമാണ് ലക്ഷ്യം വയ്ക്കുന്നത്.

അറിവിന്റെ ഉൽപ്പാദനം, പ്രസരണം, പ്രയോഗം എന്നതിനെ അടിസ്ഥാനമാക്കിയുള്ള സാമൂഹിക വികസനമാണ് ജ്ഞാനസമൂഹം മുന്നോട്ട് വയ്ക്കുന്നത്. അവിടെ സാമൂഹികവും, സാംസ്കാരികവും സാമ്പത്തികവുമായ വികസനത്തിന് ജ്ഞാനസമൂഹം മുന്നോട്ട് വയ്ക്കുന്നത്. അവിടെ സാമൂഹികവും, സാംസ്ക്കാരികവും, സാമ്പത്തികവുമായ വികസനത്തിന് അറിവാണ് മൂലധനമാണ്. ഗവേഷണ പ്രവർത്തനങ്ങൾ, നൂതനാശയങ്ങളുടെ പ്രയോഗം, സാങ്കേതിക വിദ്യ, വിവര വിനിമയാധിഷ്ഠിതമായ പ്രയോഗരീതികൾ എന്നിവയ്ക്ക് മുഖ്യസ്ഥാനം കൊടുക്കണം.

ശാരീരികവും, ബൗദ്ധികവും, വൈകാരികവുമായ വികസനമാണ് പ്രധാനം. യുക്തിപരത, വിമർശനാത്മകമായ ചിന്ത, സർഗ്ഗാത്മകത, സ്വയം തീരുമാനമെടുക്കാനുള്ള കഴിവ്, അദ്ധ്വാനസന്നദ്ധതയും, അദ്ധ്വാനശേഷിയും, മാനവികതാബോധം എന്നിവ വ്യക്തിവികാസത്തിന്റെ ഘടകങ്ങളാണ്.

ദേശീയബോധവും, ഉത്തരവാദിത്തവുമുള്ള പൗരബോധം വളർത്തുന്ന വിദ്യാഭ്യാസമാകണം കുഞ്ഞുങ്ങൾക്ക് കൊടുക്കേണ്ടത്. സാഹോദര്യത്തിലും, മാന വികതയിലും അടിയുറച്ച ദേശീയബോധമാണ് നാം ലക്ഷ്യമിടുന്നത്. വിശ്വമാനവി കതയിലും, പുരോഗതിയിലും, അഭിമാനിക്കുന്നതിനോടൊപ്പം, രാജ്യത്തിന്റെ വൈവിധ്യത്തെ അംഗീകരിക്കുന്നതിനും, ഏകത്വത്തിന്റെ അടിയുറയ്ക്കാനും, നാം നേടുന്ന വിദ്യാഭ്യാസത്തിന് കഴിയണം.

സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികൾക്കും, ജാതി, മത, പ്രാദേശിക, ലിംഗ, ഭാഷാഭേദമന്യേ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുവാൻ കഴിയണം. പഠനപൂരക പ്രവർത്തനങ്ങളിൽ പൂർണ്ണ പങ്കാളിത്തവും പിന്തുണയും എല്ലാ വർക്കും ലഭിക്കണം.

അറിവു നിർമ്മാണമുറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന നിരന്ത രവും സമഗ്രവുമായ വിലയിരുത്തലിന്റെ ഭാഗമായി കുട്ടിയുടെ പഠന മികവിലു ണ്ടാകുന്ന വളർച്ചകൾ സമാഹരിക്കലും, റിപ്പോർട്ട് ചെയ്യലും നടക്കേണ്ടതുണ്ട്. ഇതിനായി വിവിധ വിഷയങ്ങളിലെ കുട്ടിയുടെ വാചിക-ലിഖിക- പ്രകടന ആവി ഷ്ക്കാരങ്ങൾ, കലാ-കായിക തൊഴിൽ ഉദ്ഗ്രഥിത പഠനമേഖലകളിലെ നിർമ്മിതി കൾ, പ്രകടനങ്ങൾ തുടങ്ങിയവ ശേഖരിക്കുന്നു. സാധാരണ രീതിയിൽ ശേഖരി ക്കുന്നതിന് പുറമേ ഡിജിറ്റൽ സാങ്കേതങ്ങളുപയോഗിച്ച് എളുപ്പത്തിൽ സമാഹരി ക്കുന്നു.

വിവരസാങ്കേതിക വിദ്യകളുപയോഗിച്ച് അധ്യാപകർ തയ്യാറാക്കുന്ന പോർട്ട് ഫോളിയോകളാണ് പ്രധാനം. കുട്ടികൾക്കും രക്ഷിതാക്കൾക്കും, ഇവ സുതാര്യമായി പരിശോധിക്കാൻ കഴിയുന്നു. അതിനായി 5 മുതൽ 10 വരെയുള്ള ക്ലാസുകൾക്ക് പി.ടി.എ യോഗങ്ങൾ സംഘടിപ്പിക്കുന്നു. 5,6,7 കുട്ടികൾക്കും 8,9,10 കുട്ടികൾക്കും തുടർച്ചയായ പഠനപുരോഗതി രേഖയാണ് നൽകുന്നത്. പ്രതിമാ, ക്ലാസ് പി.ടി.എയിലെ പ്രധാന ഇനം പഠനപുരോഗതി രേഖ പങ്കുവയ്ക്കലാണ് ഇതിലൂടെ രക്ഷിതാക്കൾക്ക് സ്വന്തം കുട്ടിയുടെ വളർച്ച ശരിയായി തിരിച്ചറിയാൻ സാധിക്കുന്നു.

## എച്ച്.എസ്. മലയാളം

| | | |
|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കുക<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥാരചന<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക - ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ് |

| | | |
|---|---|---|
| | | 9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളുംവായനയും<br>13. ഇ -വായന |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുക്കൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് - തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷാ പ്രോജക്ട്<br>9. സാഹിത്യകാരൻമാരുമായുള്ള സംവാദം, അഭിമുഖം<br>10. സാഹിത്യ- സാംസ്ക്കാരിക ചിത്ര ഗ്യാലറി |
| 4. | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ കേൾപ്പിക്കുന്നു<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക |

| | | |
|---|---|---|
| 5. | സാമൂഹിക പ്രശ്നങ്ങളോട് പ്രതികരിക്കാൻ ശേഷിയുള്ളവരാക്കുക | 1. പത്രവായന<br>2. സാമൂഹിക പ്രശ്നങ്ങൾ കണ്ടെത്തുക<br>3. യുക്തിപൂർവ്വം ചിന്തിക്കുക<br>4. ശക്തമായ ഭാഷയിൽ പ്രതികരിക്കുന്നതിനുള്ള വേദികൾ<br>5. കാര്യകാരണ സഹിതം അവയെക്കുറിച്ച് വിലയിരുത്തി കുറിപ്പുകൾ തയ്യാറാക്കൽ |

## മലയാളം

| നം. | പ്രോഗ്രാം | ആക്റ്റിവിറ്റി | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1. പ്രീടെസ്റ്റ് (2 - 6 - 17)<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം -അടിക്കുറിപ്പ്<br>9. ചിത്രം - കഥപറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ- ബാക്കി എഴുതൽ<br>12. കഥാപുസ്തകം നല്കൽ<br>13. സി.ഡിയിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | രണ്ട് മാസം<br>ആഗസ്റ്റ് - സെപ്റ്റംബർ | പുസ്തകങ്ങൾ<br>സി.ഡി | BRC<br>DIET<br>SCERT<br>PTA<br>BRC<br>IED<br>Trainer<br>PTA |

| | | | | | |
|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തക ചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാസാഹിത്യവേദി<br>12. സ്കൂൾസഭ, ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്ബ്<br>15. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | ആറ് മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>PTA |

| | | | | | |
|---|---|---|---|---|---|
| | | 17. ആസ്വാദകരമായ വായന<br>18. വായനാ സാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ - വായന<br>20. പുസ്തകം ഒരുക്കൽ (യു.പി. വായന)<br>21. വായനക്കൂട്ടം - മോണിറ്ററിംഗ്<br>22. കാവ്യക്കൂട്ടം | | ഇന്റർനെറ്റ് കമ്പ്യൂട്ടർ | BRC |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുക്കൂട്ടം) | 1. എഴുത്തുക്കൂട്ട രൂപീകരണം<br>2. പുസ്തക ചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനക്കുറിപ്പ് പതിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>7. ഇൻലന്റ്, മാഗസിൻ, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>8. സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9. എഴുത്തുക്കൂട്ടം മോണിറ്ററിംഗ് | ആറ് മാസം | ലൈബ്രറി<br>പുസ്തകങ്ങൾ | BRC<br>DIET<br>SCERT<br>PTA |

| | | | | | |
|---|---|---|---|---|---|
| | | 10. വായനാക്കുറിപ്പ്, ആസ്വാദന ക്കുറിപ്പ്<br>11. ബാലസഭ<br>12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തിഗത രചന<br>14. സംഘ രചന<br>15. ഭാഷാ പ്രോജക്ട്<br>16. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം<br>17. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി | ആഡിറ്റോറിയം | ജീവചരിത്ര പുസ്തകങ്ങൾ<br><br>ഗ്രന്ഥശാല<br><br>ഫോട്ടോകൾ<br>പുസ്തകങ്ങൾ | BRC<br>ജനപ്രതിനിധി |

# സംസ്കൃതം

**ലക്ഷ്യങ്ങൾ** :

- സംസ്കൃത ഭാഷയെ കുറിച്ച് അവബോധം ഉണ്ടാക്കുന്നു.
- സംസ്കൃതഭാഷയോട് താത്പര്യം ഉണ്ടാക്കുന്നു
- അക്ഷരങ്ങൾ വ്യക്തതയോടെ വായിക്കാനും വാക്യങ്ങൾ, ലഘുകഥകൾ, ലഘുകവിതകൾ വായിക്കുന്നതിനും, പുതുതായി രചിക്കുന്നതിനും കഴിവ് നേടുന്നു.
- ഭാഷാപ്രയോഗ സാമർത്ഥ്യം ഉണ്ടാക്കുന്നു.
- ജീവിതത്തിൽ പ്രയോഗിക്കാൻ കഴിയുന്ന മൂല്യങ്ങൾ കണ്ടെത്തുന്നു.
- നിഘണ്ടു, കൈയ്യെഴുത്ത് മാസികകൾ, ഡോക്യുമെന്ററികൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു.
- സംസ്കൃതോത്സവങ്ങളിൽ അവതരണത്തിന് പ്രോത്സാഹനം നൽകുന്നു.

| **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|
| സംസ്കൃതത്തിലും മലയാളത്തിലും വരുന്ന സമാനപദങ്ങൾ കണ്ടെത്തുന്നു. ലഘുകവിതകൾ വായിപ്പിക്കുന്നു. അവതരിപ്പിക്കുന്നു. കഥകൾ ഭാവാത്മകതയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു. സുഭാഷിതങ്ങൾ, കവിതകൾ എന്നിവ സംഘമായും ഒറ്റയ്ക്കും അവതരിപ്പിക്കാൻ അവസരങ്ങൾ നൽകുന്നു. | ജൂൺ<br>സെപ്റ്റംബർ | സംസ്കൃത<br>അദ്ധ്യാപിക | |

| | | | |
|---|---|---|---|
| ചിത്രങ്ങൾ കണ്ട് പദങ്ങൾ എഴുതിക്കുന്നു. അഭ്യാസ പുസ്തകത്തിൽ മാതൃക കണ്ട് പദങ്ങൾ, വാക്യങ്ങൾ എന്നിവ പരിശീലിപ്പിക്കുന്നു. പദച്ഛേദം പരിശീലിപ്പിക്കുന്നു. | ജൂലായ് ജനുവരി | സംസ്കൃത അദ്ധ്യാപിക | |
| ഭാഷാശേഷി വികസിപ്പിക്കുന്നതിനായി വിവിധതരം രചനകൾ എഴുതാൻ നിർദ്ദേശിക്കുന്നു. (ലഘുകവിതകൾ, ലഘുസംഭാഷണങ്ങൾ, ലഘുകഥകൾ, തുടങ്ങിയവ) ചിത്രങ്ങൾ പദങ്ങളോട് ചേർത്ത് ചിത്രപദകോശം നിർമ്മിക്കുന്നു. പദകോശം, ക്രിയാപദ പരിചയപ്പെടുന്നതിന് ക്രിയാപദകോശം എന്നിവ നിർമ്മിക്കുന്നു. | ജൂലായ് ഫെബ്രുവരി | സംസ്കൃത അദ്ധ്യാപിക | |
| മഹാന്മാരെ തിരിച്ചറിയുന്നതിനായി ജീവചരിത്ര ലേഖനം പരിചയപ്പെടുത്തുന്നു. കൈയെഴുത്ത് മാസികയിൽ ഉൾപ്പെടുത്തുന്നു. ശാസ്ത്രാവബോധം ഉണ്ടാക്കുന്നതിനായി വിവരശേഖരണം നടത്തുന്നു. | ഒരു വർഷം | സംസ്കൃത സമിതി | |
| പാഠഭാഗങ്ങളിലെ ജീവിതമൂല്യങ്ങൾ മനസിലാക്കി അതു പ്രയോഗിക്കുന്നതിന് സുഭാഷിതങ്ങൾ ശേഖരിക്കുന്നു. | ഒരു വർഷം | സംസ്കൃത സമിതി | |
| വിവിധ സംസ്കൃത കലാരൂപങ്ങൾ പരിചയപ്പെടുത്തുന്നു. കലാരൂപങ്ങളുടെ ചിത്രം പ്രദർശിപ്പിക്കുന്നു. പാഠഭാഗങ്ങളുടെ ക്ലാസ് തല അവതരണങ്ങൾ നടത്തുന്നു. | ഒരു വർഷം | സംസ്കൃത സമിതി | |
| പാഠഭാഗങ്ങളുടെ ചിത്രീകരണം ഡോക്യുമെന്ററികൾ എന്നിവ നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നു. | ഒരു വർഷം | സംസ്കൃത സമിതി | |

## സയൻസ്

| മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പിത്തികം/ പിന്തുണ |
|---|---|---|---|---|---|
| ഔഷധതോട്ട നിർമ്മാണം | ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള അവബോധം എല്ലാ കുട്ടികൾക്കും നൽകുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം | • ഔഷധസസ്യതോട്ടം ഒരുക്കേണ്ട സ്ഥലം കണ്ടെത്തുന്നു.<br>• സ്കൂളിലെ എല്ലാ കുട്ടികളുടെയും പങ്കാളിത്തം<br>• ഓരോ കുട്ടിയും ഒരു ഔഷധസസ്യത്തെ കൊണ്ടു വരുന്നു.<br>• നടീലും പരിപാലനവും ഗ്രൂപ്പടിസ്ഥാനത്തിൽ നൽകുന്നു | 1 വർഷം | നാച്വറൽ സയൻസ് അധ്യാപകർ | പരിസ്ഥിതി ക്ലബ്ബ് |
